LIBRARY ARCHIVES Kerala Legislative Assembly

ഖാദി മാസ്കുകളുടെ ഗുണനിലവാരം

215 (600) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത സൗജന്യ കിറ്റുകളിൽ ഉൾപ്പെടുത്തിയിരുന്ന ഖാദി മാസ്കുകൾ നിലവാരം കുറഞ്ഞവ ആയിരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; പുരോഗതി അറിയിക്കാമോ?

അന്വേഷണത്തിൽ 10294787 മാസ്കുകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉല്പാദിപ്പിക്കുകയും 1057656 മാസ്കുകൾ കേരളത്തിന് അകത്തുള്ള അംഗീകൃത ഖാദി സ്ഥാപനങ്ങളിൽ നിന്നും 5622166 മാസ്കുകൾ കേരളത്തിന് പുറത്തുള്ള ഖാദി കമ്മീഷന്റെ അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 16974609 മാസ്കുകൾ സപ്ലൈകോ മുഖേന വിതരണം ചെയ്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മാസ്കിന്റെ ഗുണനിലവാരം ഉറപ്പിക്കാൻ ഏതെങ്കിലും ലാബുകളിൽ പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

ഖാദി ബോർഡ് മുഖേന സഞ്ചി നൽകിയതിലെ അഴിമതി

216 (601) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനായി ഖാദി ബോർഡ് മുഖേന സഞ്ചി നൽകിയതിൽ അഴിമതി നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ബാധകമല്ല.